# കുന്നത്തുനാട് പോലീസ് സ്ത്രീ സുരക്ഷ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

കേരളാ പോലീസ് നടപ്പാക്കി വരുന്ന സ്ത്രീസുരക്ഷാ പദ്ധതികളുടെ ഭാഗമായി കുന്നത്തുനാട് പോലീസ് സ്റ്റേഷൻ അങ്കണത്തിൽ സ്ത്രീ സുരക്ഷ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു .

ഇന്ന് വൈകിട്ട് 3.00 മണിക്ക് കുന്നത്തിനാട് സബ്ബ് ഇൻസ്പെക്ടർ റ്റി.ദിലീഷിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കുന്നത്തുനാട് പോലീസ് ഇൻസ്പെക്ടർ ജെ.കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീമതി. ജിൻസി അജി മുഖ്യപ്രഭാഷണം നടത്തി. വാർഡ് മെമ്പർ ശ്രീമതി.ശ്യാമള സുരേഷ് ആശംസകളർപ്പിച്ച് സംസാരിച്ചു.

യോഗത്തിനു ശേഷം നടന്ന ബോധവൽക്കരണ ക്ലാസ്സ് അഡ്വ. ശ്രീമതി. മരിയ ജോയി , കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുന്ന ശ്രീമതി. ഷിനു തോമസ് എന്നിവർ നയിച്ചു. ഏകദേശം 100 ഓളം സ്ത്രീകൾ പങ്കെടുത്ത പരിപാടിയിൽ കുന്നത്തുനാട് പോലീസ് സ്റ്റേഷനിലെ വനിതാ സിവിൽ പോലീസ് ഓഫീസർ ലത.വി.ആർ സ്വാഗതവും, സ്റ്റേഷൻ റൈറ്റർ ജോഷി മാത്യു നന്ദിയും പ്രകാശിപ്പിച്ചു.

